## മൊസാംബിക്കിലെ വിദേശകാര്യ- അന്താരാഷ്ട്ര സഹകരണ മന്ത്രി ഇന്ത്യ സന്ദര്ശിക്കുന്നു (നവംബര് 23-29, 2014)

നവംബര് 23, 2014

കേന്ദ്ര വിദേശകാര്യ മന്ത്രിയുടെ ക്ഷണപ്രകാരം മൊസാംബിക്കിലെ വിദേശകാര്യ- അന്താരാഷ്ട്ര സഹകരണ, മന്ത്രി ഹിസ് എക്സലന്സി ശ്രീ ഓല്ഡെമിറോ ബലോയി , ഇന്ത്യ സന്ദര്ശിക്കും. 23 മുതല് 29 വരെ ആണ് സന്ദര്ശനം . (നവംബര് 23-29, 2014 ) അദ്ദേഹത്തെ മൊസാംബിക്കിലെ വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരും അനുഗമിക്കുന്നുണ്ട്

സന്ദര്ശന ഭാഗമായി ശ്രീ ബലോയ് കേന്ദ്ര വിദേശകാര്യ മന്ത്രിയുമായി കൂടിക്കാഴ്ചകള് നടത്തും. അദ്ദേഹം ഇന്ത്യന് കൌണ്സില് ഓഫ് വേള്ഡ് അഫയേഴ്സില് , "മൊസാംബിക്കിലെ വിദേശകാര്യ നയത്തിലെ കാഴ്ചപ്പാടുകള് എന്ന വിഷയത്തില് പ്രഭാഷണം നടത്തും

ഇന്ത്യയും മൊസാംബികും തമ്മില് വളരെ ഊഷ്മളവും സൌഹാര്ദവും ഉള്ള ബന്ധമാണുള്ളത്. മൊസാംബിക്കിന്റെ പ്രധാന അഞ്ചു വ്യാപാര പങ്കാളികളില് ഇന്ത്യ ഉള്പ്പെടുന്നു. ഉഭയകക്ഷി വ്യാപാരം ഒന്നര ബില്യണ് യു എസ് ഡോളര് ആയിരുന്നു 2013- 2014 ല്. ഇന്ത്യയില് നിന്നും ലോക് (concessional lines of credit (LOCs)) സ്വീകരിക്കുന്ന മൂന്നാമത്തെ വലിയ സ്വീകര്ത്താവാണ് മൊസാംബിക് (2004 മുതല് 2013 വരെ 639.44 ദശലക്ഷം യുഎസ് ഡോളര് ). മൊസാംബിക്കിലെ പ്രധാന നിക്ഷേപക പങ്കാളിയാണ് ഇന്ത്യ . ഇന്ത്യന് പൊതു മേഖല - സ്വകാര്യ മേഖലയില് നിന്നുള്ള കമ്പനികള് മൊസാംബിക്കില് നിക്ഷേപിക്കുണ്ട് . ഇന്ത്യന് സാങ്കേതിക സാമ്പത്തിക സഹകരണ പദ്ധതികളുടെ കീഴില് (Indian

Technical and Economic Cooperation (ITEC) programmes) അനവധി മൊസാംബിക്കില് നിന്നുള്ള വിദഗ്ധര് ഇന്ത്യയിലെ സ്ഥാപനങ്ങളില് പരിശീലനം നടത്താറുണ്ട്. ഇന്ത്യയിലെ സര്വകലാശാലകളില് അനവധി മൊസാംബിക് വിദ്യാര്ഥികള് ഉന്നത വിദ്യാഭ്യാസത്തിന് എത്തുന്നുണ്ട്

ഇരു രാഷ്ട്രങ്ങളും വിവിധ മേഖലാ , ആഗോള പ്രാധാന്യമുള്ള വിഷയങ്ങളില് സാമ്യമുള്ള കാഴ്ചപ്പാടുകള് പങ്ക് വക്കുന്നുണ്ട്. പരിഷ്കരിച്ച ഐക്യരാഷ്ട്രസഭാ സുരക്ഷാ കൌണ്സിലില് ഇന്ത്യയുടെ സ്ഥാനാര്തിത്വത്തെ മൊസാംബിക് പിന്തുണയ്ക്കും .

വിദേശകാര്യ മന്ത്രി ബലോയിയുടെ സന്ദര്ശനം ഇന്ത്യ-മൊസാംബിക് ബന്ധങ്ങള് കൂടുതല് ആഴമുള്ളതാക്കുന്നതിനും വികസനത്തിനും പ്രചോദനം ആകും

ന്യൂഡെല്ഹി
നവംബര് 23, 2014.